# തെങ്ങുകൃഷിക്കാർക്ക് ഇനിയും വഴികളുണ്ട്

സി.കെ.എസ്

മാറാബാധപോലെ കേരളത്തിലെ തെങ്ങുകളെ പുതിയ പുതിയ രോഗങ്ങൾ പിന്തുടരുന്നു. ഏറ്റവും പുതിയ ഭീഷണിയായ മണ്ഡരിയിലെത്തി നില്ക്കുമ്പോൾ എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു എന്ന ചോദ്യത്തിന് തീർച്ചയായും പ്രസക്തിയുണ്ട്. ആവർത്തിക്കുന്ന ഇത്തരം ഭീഷണികളിൽനിന്ന് കൃഷിക്കാർക്ക് രക്ഷയില്ലേ എന്ന ചോദ്യത്തിനും.

നിങ്ങൾ രാസകീടനാശിനികളുടെ ആരാധകനാണെങ്കിലും അല്ലെങ്കിലും നിഷ്പക്ഷമായി ചിന്തിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിലെ മുഖ്യ വില്ലനായി കണ്ടെത്താൻ കഴിയുക രാസകീടനാശിനികളെ തന്നെയാണ്. അത്ര തന്നെ അപകടകാരിയല്ലാത്ത ഒരു കീടം രാസകീടനാശിനികളുടെ തുടർച്ചയായ ഉപയോഗം വഴി അപകടകാരിയായിത്തീരാം. കീടനാശിനികൾക്കെതിരെ കീടങ്ങൾ പ്രതിരോധം നേടുന്നതുകൊണ്ടാണിത്. പ്രതിരോധം നേടിയ പുതിയ കീടങ്ങളെ -ബയോടൈപ്പ് നിയന്ത്രിക്കണമെങ്കിൽ കൂടുതൽ മാരകമായ കീടനാശിനി കൂടിയ അളവിൽ ഉപയോഗിക്കേണ്ടിവരും. എന്നാൽ പുതിയ കീടനാശിനിക്കെതിരെയും കാലക്രമത്തിൽ കീടങ്ങൾ പ്രതിരോധം കണ്ടെത്തും. ഒടുവിൽ ഒരു കീടനാശിനികൊണ്ടും അവ നിയന്ത്രണ വിധേയമല്ലാതായിത്തീരും. ഉപദ്രവകാരികളായ കീടങ്ങളെ നിയന്ത്രിക്കുന്ന പ്രകൃതിയിലെ സ്വാഭാവിക കീടനിയന്ത്രകരെ രാസവിഷങ്ങൾ ഉന്മൂലനം ചെയ്യുന്നതുകൊണ്ട് ആ വഴിക്കുള്ള നിയന്ത്രണവും സാധ്യമല്ലാതാകും.

തുടർച്ചയായ കീടനാശിനിപ്രയോഗംവഴി അപ്രധാനമായൊരു കീടം (മൈനർ പെസ്റ്റ്) പ്രധാന കീടമായി മാറുമെന്നുള്ള ദോഷവുമുണ്ട്. മണ്ഡരി രോഗത്തെ താൽക്കാലികമായി നിയന്ത്രിക്കാൻ, ഡൈക്കോഫോൾ ഉപയോഗിക്കുകയാണെങ്കിൽ സംഭവിക്കാൻ പോകുന്നതും മറ്റൊന്നല്ല. മറ്റൊരു പ്രധാന കീടത്തെ(മേജർ പെസ്റ്റ്)യും പോലെ മണ്ഡരികളും പ്രധാന കീടങ്ങളായി പരിണമിക്കും. ഇത് അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമായിരിക്കും.

മണ്ഡരികളാകട്ടെ പുതിയ കീടങ്ങളൊന്നുമല്ല. മുമ്പും അവ ഇവിടെ ഉണ്ടായിരുന്നു. അപ്രധാന കീടങ്ങളായിരുന്നുവെന്നു മാത്രം. കാലാവസ്ഥയിലും മഴയിലും ഉണ്ടായ വ്യത്യാസമാണ് മണ്ഡരികൾ ഭീഷണിയായി പെട്ടെന്നു പടർന്നുപിടിക്കാൻ ഇടയാക്കിയത്. തെങ്ങിൻതോട്ടങ്ങളിൽ തത്വദീക്ഷയില്ലാതെ മുമ്പ് ഉപയോഗിച്ച രാസകീടനാശിനികളും അവയുടേതായ പങ്ക് വഹിച്ചിട്ടുണ്ടാകാം.

മഴ വിട്ടതോടെ മണ്ഡരി രോഗവും പലയിടത്തുനിന്നും അപ്രത്യക്ഷമാകാൻ തുടങ്ങിയിട്ടുണ്ട്. രാസകീടനാശിനികൾ ഉപയോഗിക്കാതിരിക്കുകയാണെങ്കിൽ താമസിയാതെ മണ്ഡരികൾ ഒരു പ്രശ്നമല്ലാതായി മാറുകയും ചെയ്യും. ഒന്നും ചെയ്യാതെ തന്നെ കാലാവസ്ഥ ശരിയാകുന്നതോടെ മാറാവുന്ന ഒരു കീടഭീഷണിയെ കീടനാശിനി കമ്പനികളുടെയും മറ്റും താല്പര്യത്തിനു വഴങ്ങി (ശാസ്ത്രീയതയെ ബലികഴിച്ച്) ആളുകളിൽ ഭീതിയുണ്ടാക്കി കീടനാശിനി പ്രയോഗത്തിനു നിർബന്ധിതരാക്കുകയാണ് അധികാരികളും ആസ്ഥാന ശാസ്ത്രജ്ഞരും ചെയ്തത്.

ജൈവകീടനാശിനി നൂറ് ശതമാനവും ഫലപ്രദമാണെന്നു പറയുമ്പോൾ തന്നെ അതു വലിയൊരു അളവിൽ ഉണ്ടാക്കുന്നതിലുള്ള അപ്രായോഗികത പൊക്കിപ്പിടിച്ച് രാസകീടനാശിനി മാത്രമേ രക്ഷയുള്ളൂവെന്ന് പ്രചരിപ്പിക്കുകയായിരുന്നു. സംയോജിത കീടനിയന്ത്രണത്തിന്റെ കാലമാണിത്. അതിൽ ജൈവനിയന്ത്രണ മാർഗങ്ങൾക്ക് വ്യക്തമായ പ്രാധാന്യമുണ്ട്. സബ്സിഡികൾ നല്കുമ്പോൾ ജൈവകീടനാശിനികൾക്ക് മുൻതൂക്കം നല്കണമെന്ന് കേന്ദ്ര സർക്കാരിന്റെ സർക്കുലറുമുണ്ട്. കേന്ദ്രനിർദേശം മൂടിവച്ചുകൊണ്ടാണ് അധികാരികൾ കുത്തക കമ്പനികളുമായി ഒത്തുകളിച്ചത്. കൃഷിവകുപ്പിന്റെയും സർക്കാരിന്റെയും ചായ്‌വ് എങ്ങോട്ടാണെന്നു കർഷകർ തിരിച്ചറിയേണ്ടിയിരിക്കുന്നു.

താൽക്കാലികമായ രക്ഷാമാർഗങ്ങളല്ല കർഷകർക്ക് ആവശ്യമായിട്ടുള്ളത്; മാന്യമായും സുരക്ഷിതമായും കൃഷിചെയ്യാനുള്ള അന്തരീക്ഷമാണ്. അധികാരികൾ അതൊരുക്കുന്നില്ലെങ്കിൽ അത് സ്വയം സൃഷ്ടിക്കാൻ കൃഷിക്കാർ തയാറാകേണ്ടതാണ്. അതിനു പ്രാഥമികമായി കുറച്ചു കാര്യങ്ങൾ തെങ്ങ് കൃഷിക്കാർ മനസിലാക്കിയാൽ നന്നായിരിക്കും.

കേരളത്തിൽ തെങ്ങുകൾക്ക് പകർച്ചവ്യാധി എപ്പോഴും ബാധിച്ചിട്ടുള്ളത് കേരവൃക്ഷങ്ങൾ തിങ്ങി വളരുന്ന മേഖലകളിലാണ്- ഏകവിള തോട്ടവത്കരണത്തിന്റെ ഭാഗമായി മറ്റെല്ലാ വിളകളും ഉന്മൂലനം ചെയ്ത് യാതൊരു പരിധിയുമില്ലാതെ വളരെയടുത്ത് തെങ്ങുകൾ വച്ചുപിടിപ്പിച്ച പ്രദേശങ്ങളിൽ, സങ്കരയിനങ്ങൾ കൈയേറിയ തോട്ടങ്ങളിൽ, ആധുനിക രാസകൃഷി നടപ്പിലാക്കിയ മാതൃകാകൃഷിയിടങ്ങളിൽ.

അമിതമായി തെങ്ങുകൾ വച്ചുപിടിപ്പിക്കാത്ത പ്രദേശങ്ങളിൽ മാരകവ്യാധികൾ എപ്പോഴും കുറവായിട്ടാണ് അനുഭവം. തെങ്ങിൻ തോട്ടങ്ങളെ അപേക്ഷിച്ച് തെങ്ങും കവുങ്ങും വാഴയും ഇടവിളകളും ഫലവൃക്ഷങ്ങളും ഇടകലർന്നു നില്ക്കുന്ന തോട്ടങ്ങളിൽ രോഗാക്രമണം കാണുന്നില്ല. നാടൻ ഇനങ്ങളെ അപേക്ഷിച്ച് സങ്കരയിനം തെങ്ങുകളെയാണ് രോഗങ്ങൾ കൂടുതലും ബാധിക്കാറുള്ളത്.

നാടൻ ജൈവവളങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന തോട്ടങ്ങളെ രാസവളങ്ങളും രാസസംരക്ഷണവും നടത്തുന്ന തോട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മിക്കവാറും രോഗബാധകളിൽനിന്നു സുരക്ഷിതമാണ്.

ഇതെല്ലാം വസ്തുതകളാണ്. ഇതിൽനിന്നു മനസിലാക്കാവുന്ന ചില കാര്യങ്ങളുണ്ട്. ഏതൊരു പ്രദേശത്തിനും ഒരു പ്രത്യേക വിളയെ ഉൾക്കൊള്ളാനൊരു പരിധിയുണ്ട്.

ഈ പരിധിയെ പ്രസ്തുത പ്രദേശത്തിന്റെ വഹനശേഷി(കാരീയിംഗ് കപ്പാസിറ്റി) എന്നു നമുക്ക് വിളിക്കാം. ഈ വഹനശേഷിയെ മറികടന്നുകൊണ്ട് വ്യാപിക്കുന്ന ഏതൊരു വിളയെയും പ്രസ്തുത വ്യവസ്ഥ തന്നെ നിയന്ത്രിക്കുമെന്നുള്ളത് തീർച്ചയാണ്. കേരളത്തിൽ പകർച്ചബാധ പിടിച്ച എല്ലാ പ്രദേശങ്ങളിലും തെങ്ങുകൾ വഹനശേഷിയെ മറികടന്നുകൊണ്ട് തിങ്ങിനിറഞ്ഞിരിക്കുന്നതായി കാണാം. (അടുത്തടുത്ത് നില്ക്കുന്നതും ഇടയിൽ മറ്റു വിളകളൊന്നുമില്ലാത്തതും രോഗപ്പകർച്ച എളുപ്പമാകുന്നു). ഇത്തരം മേഖലകളിൽ അമിതമായതിനെ പ്രകൃതി അതിന്റെ നിയമങ്ങൾ ഉപയോഗിച്ച് നിയന്ത്രിക്കുന്നുവെന്നേയുള്ളൂ. ഏതൊരു കീടത്തെയും കൃത്രിമ മാർഗങ്ങൾ ഉപയോഗിച്ച് താൽക്കാലികമായി പിടിച്ചുനിർത്താൻ നമുക്ക് കഴിഞ്ഞേക്കാമെങ്കിലും താമസിയാതെ തന്നെ പുതിയൊരു കീടം ഉദയം ചെയ്യും.

ശാശ്വതമായി ഇതിനു പരിഹാരം ഓരോ ഇഞ്ചിലും തെങ്ങ് വയ്ക്കുകയെന്ന പിടിവാശി ഒഴിവാക്കുകയും ഒരു പറമ്പിൽ ഉൾക്കൊള്ളാവുന്ന എണ്ണം മാത്രം തെങ്ങുകൾ മതിയെന്നു വയ്ക്കുകയും വൈവിധ്യമുള്ള മറ്റുവിളകൾ ഇടയിൽ നിറയ്ക്കുകയുമാണ്. ഇങ്ങനെ ചെയ്താൽ ഫലം കാണുമെന്ന് തീർച്ചയാണ്.

മറ്റൊന്ന്, ആധുനിക രാസമുറകൾ പ്രയോഗിച്ച് പ്രയോഗിച്ച് മണ്ണിന്റെ ഗുണം ശോഷിച്ചുകഴിഞ്ഞുവെന്നുള്ളതാണ്. ആരോഗ്യമില്ലാത്ത മണ്ണ് രോഗങ്ങളുടെ ഇരിപ്പിടമാണ്. രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ആദ്യപടി മണ്ണിന്റെ ജീവൻ വീണ്ടെടുക്കുകയാണ്. ഇവിടെ രാസപോഷകങ്ങൾക്ക് കാര്യമായൊന്നും ചെയ്യാനില്ല. ജൈവരീതിക്കു മാത്രമേ ആരോഗ്യകരമായൊരു കാർഷിക കാലാവസ്ഥയ്ക്ക് രൂപം നല്കാനാവൂ.

**ജൈവകീടനാശിനി നൂറ് ശതമാനവും ഫലപ്രദമാണെന്നു പറയുമ്പോൾ തന്നെ അതു വലിയൊരു അളവിൽ ഉണ്ടാക്കുന്നതിലുള്ള അപ്രായോഗികത പൊക്കിപ്പിടിച്ച് രാസകീടനാശിനി മാത്രമേ രക്ഷയുള്ളൂവെന്ന് പ്രചരിപ്പിക്കുകയായിരുന്നു. സംയോജിത കീടനിയന്ത്രണത്തിന്റെ കാലമാണിത്.**